## മധുരമായ കുട്ടികളേ– നിങ്ങള്‍ ഇപ്പോള്‍ വളരെ വലിയ കപ്പലില്‍ ഇരിക്കുകയാണ്, നിങ്ങള്‍ക്ക് ഉപ്പുചാനലില്‍ നിന്ന് അക്കരെ കടന്ന് ക്ഷീരസാഗരത്തിലേയ്ക്കു പോകണം, നിങ്ങളുടെ നങ്കൂരം എടുത്തുകഴിഞ്ഞു.

**ചോദ്യം:**– കുട്ടികള്‍ക്ക് വിശേഷമായും ഏതൊരു കാര്യത്തിലാണ് ക്ഷീണം തോന്നുന്നത്? ക്ഷീണം തോന്നുന്നതിനുള്ള മുഖ്യ കാരണം എന്താണ്?

**ഉത്തരം:**– കുട്ടികള്‍ പോകെപ്പോകെ ഓര്‍മ്മയുടെ യാത്രയില്‍ ക്ഷീണിക്കുന്നു, ഇതില്‍ ക്ഷീണം തോന്നുന്നതിനുള്ള മുഖ്യകാരണം സംഗദോഷമാണ്. അങ്ങനെയുള്ള കൂട്ടുകെട്ട് ലഭിക്കുന്നു, അത് അച്ഛന്റെ കൈ വിടുവിക്കുന്നു. സത്സംഗം ഉയര്‍ത്തും കുസംഗം മുക്കിക്കളയും എന്നു പറയാറില്ലേ. സംഗദോഷത്തില്‍പ്പെട്ട് കപ്പലില്‍ നിന്നും കാല്‍ താഴെവെച്ചാല്‍ മായ പച്ചയ്ക്ക് പിടിച്ചുതിന്നും, അതിനാല്‍ ബാബ കുട്ടികള്‍ക്ക് മുന്നറിയിപ്പ് നല്‍കുന്നു– കുട്ടികളേ, സമര്‍ത്ഥനായ അച്ഛന്റെ കൈ ഒരിയ്ക്കലും വിടരുത്.

**ഗീതം:**– മാതാ ഓ മാതാ.....

**ഓം ശാന്തി.** ആത്മീയ അച്ഛന്‍ ആത്മീയ കുട്ടികളോട് പറയുകയാണ്– കുട്ടികളേ, ഓം ശാന്തി. ഇതിനെയും മഹാമന്ത്രം എന്ന് പറയുന്നു. ആത്മാവ് തന്റെ സ്വധര്‍മ്മത്തിന്റെ മന്ത്രം ജപിക്കുന്നു. ആത്മാവായ എന്റെ സ്വധര്‍മ്മമാണ് ശാന്തി. എനിക്ക് ശാന്തിക്കുവേണ്ടി കാട്ടിലേയ്ക്കൊന്നും പോകേണ്ട ആവശ്യമില്ല. ഞാന്‍ ആത്മാ ശാന്തസ്വരൂപമാണ്, ഇത് എന്റെ കര്‍മ്മേന്ദ്രിയങ്ങളാണ്. ശബ്ദിക്കുന്നതും ശബ്ദിക്കാതിരിക്കുന്നതും എന്റെ കൈവശമാണ്. പക്ഷേ ഈ ജ്ഞാനമില്ലാത്തതിനാല്‍ വാതിലുകള്‍ തോറും അലയുന്നു. ഇതിനെക്കുറിച്ച് ഒരു കഥയുമുണ്ട്– ഒരു റാണിയുടെ കഴുത്തില്‍ ഒരു മാലയുണ്ടായിരുന്നു പക്ഷേ റാണി അത് മറന്നുപോയി. റാണിക്കുതോന്നി എന്റെ മാല എവിടെയോ നഷ്ടപ്പെട്ടിരിക്കുന്നു, റാണി മാല പുറത്തെല്ലാം തിരയാന്‍ തുടങ്ങി. പിന്നീട് ആരോ പറഞ്ഞു– മാല കഴുത്തില്‍ തന്നെയുണ്ട്. ഇത് ഉദാഹരണമാണ്. മനുഷ്യര്‍ തെരുവുകള്‍ തോറും അലയുകയല്ലേ. സന്യാസിവര്യന്മാര്‍ പറയും മനസ്സിന് എങ്ങനെ ശാന്തിയുണ്ടാകും, പക്ഷേ ആത്മാവില്‍ തന്നെയാണ് മനസ്സും ബുദ്ധിയുമുള്ളത്. ആത്മാവ് ഈ കര്‍മ്മേന്ദ്രിയങ്ങളിലേയ്ക്ക് വരുമ്പോഴാണ് സംസാരിക്കുന്നത്. ബാബ പറയുന്നു നിങ്ങള്‍ ആത്മാക്കള്‍ നിങ്ങളുടെ സ്വധര്‍മ്മത്തില്‍ സ്ഥിതിചെയ്യൂ. ഈ ദേഹത്തിന്റെ സര്‍വ്വധര്‍മ്മങ്ങളും മറക്കു. വീണ്ടും വീണ്ടും മനസ്സിലാക്കിത്തന്നിട്ടും ചിലര്‍ പറയുന്നു ഞങ്ങളെ ശാന്തിയില്‍ ഇരുത്തു, യോഗം ചെയ്യിക്കു. ഇങ്ങനെ പറയുന്നതും തെറ്റാണ്. ഒരാത്മാവ് മറ്റൊരാത്മാവിനോട് പറയുകയാണ് എന്നെ ശാന്തിയില്‍ ഇരുത്തു. എന്താ നിങ്ങളുടെ സ്വധര്‍മ്മം ശാന്തിയല്ലെന്നുണ്ടോ? നിങ്ങള്‍ക്ക് സ്വയം ഇരിക്കാന്‍ കഴിയില്ലേ? നടക്കുമ്പോഴും കറങ്ങുമ്പോഴും നിങ്ങള്‍ എന്തുകൊണ്ടാണ് സ്വധര്‍മ്മത്തില്‍ സ്ഥിതിചെയ്യാത്തത്? ഏതുവരെ വഴി പറഞ്ഞുതരുന്ന അച്ഛനെ ലഭിക്കുന്നില്ലയോ അതുവരെ ആര്‍ക്കും സ്വധര്‍മ്മത്തില്‍ നിലനില്‍ക്കാന്‍ സാധിക്കില്ല. അവരാണെങ്കില്‍ ഇങ്ങനെയാണ് പറഞ്ഞത് ആത്മാവ് തന്നെയാണ് പരമാത്മാവ് അതിനാല്‍ സ്വധര്‍മ്മത്തില്‍ സ്ഥിതിചെയ്യാന്‍ കഴിയില്ല. ഈ അശാന്തദേശത്തില്‍ ഇത് നിങ്ങളുടെ അന്തിമ ജന്മമാണ്. ഇപ്പോള്‍ നിങ്ങള്‍ക്ക് ശാന്തിദേശത്തിലേയ്ക്ക് പോകണം, പിന്നീട് സുഖധാമത്തിലേയ്ക്കും പോകണം. ഇവിടെയാണെങ്കില്‍ വീടുവീടുതോറും അശാന്തിയാണ്. സത്യയുഗത്തില്‍ വീട് വീട്തോറും പ്രകാശമാണ്. എന്നാല്‍ ഇവിടെ ഇരുട്ടാണ്, അതിനാല്‍ ഓരോ കാര്യത്തിലും ചതിക്കപ്പെടുന്നു. വീടുകള്‍ തോറും അന്ധകാരമാണ് അതിനാലാണ് ദീപം കൊളുത്തുന്നത്. എപ്പോഴാണോ രാവണന്‍ മരിക്കുന്നത് അപ്പോള്‍ ദീപാവലി ആഘോഷിക്കുന്നു. അവിടെയാണെങ്കില്‍ രാവണനേ ഉണ്ടാകില്ല. അതിനാല്‍ എപ്പോഴും ദീപാവലിയാണ്. ഇത് രാവണരാജ്യമായതിനാല്‍ ഇവിടെ 12 മാസങ്ങള്‍ക്ക് ശേഷം ദീപാവലി ആഘോഷിക്കുന്നു. രാവണന്‍ മരിച്ചു അപ്പോള്‍ ലക്ഷ്മീ നാരയണന്മാരുടെ സ്ഥാനാരോഹണം നടന്നു. അതിന്റെ സന്തോഷമാണ് ആഘോഷിക്കുന്നത്. സത്യയുഗത്തില്‍ ലക്ഷ്മീ നാരായണന്മാര്‍ സിംഹാസനത്തില്‍ ഉപവിഷ്ടരാകുമ്പോള്‍ സ്ഥാനാരോഹണം ആഘോഷിക്കുന്നു. നിങ്ങള്‍ക്ക് അറിയാം ഇപ്പോള്‍ത്തന്നെ രാവണരാജ്യം പൂര്‍ത്തിയാകും. ഭാരതത്തിന് വീണ്ടും രാജ്യഭാഗ്യം ലഭിക്കേണ്ടതുണ്ട്. ഇപ്പോള്‍ ഒരു രാജധാനിയുമില്ല. ബാബയില്‍ നിന്ന് രാജ്യം ലഭിക്കണം. പരിധിയില്ലാത്ത അച്ഛന്‍ പരിധിയില്ലാത്ത രാജധാനിയുടെ സമ്പത്ത് നല്‍കുന്നു. ബാബ പറയുന്നു ഞാന്‍ നിങ്ങള്‍ക്ക് സദാ സുഖത്തിന്റെ സമ്പത്ത് നല്‍കുന്നയാളാണ്, ബാക്കി എല്ലാവരും നിങ്ങള്‍ക്ക് ദുഃഖം നല്‍കുന്നവരാണ്. അഥവാ ആരെങ്കിലും സുഖം നല്‍കുകയാണെങ്കിലും അത് അല്പകാലത്തേയ്ക്കുള്ളതാണ് ക്ഷണഭംഗുരമാണ്. ആ സുഖം കാകവൃഷ്ടസമാനമാണ്. ഞാന്‍ നിങ്ങള്‍ക്ക് ഇത്രയും സുഖം നല്‍കുകയാണ് പിന്നീട് ഒരിയ്ക്കലും നിങ്ങള്‍ ദുഃഖിയാകില്ല അതിനാല്‍ ഈ ദേഹസ

ഹിതം ദേഹത്തിന്റെ സംബന്ധത്തിലുള്ളവരെയെല്ലാം മറക്കു. ഈ ദേഹവും ദേഹത്തിന്റെ സംബന്ധികളും നിങ്ങൾക്ക് ദുഃഖം നൽകുന്നതാണ്, ഇതെല്ലാം ഉപേക്ഷിച്ച് എന്നെ മാത്രം ഓർമ്മിക്കു. ഓർമ്മിക്കേണ്ടത് അതിരാവിലെ അമൃതവേളയിലാണ്. ഭക്തിമാർഗ്ഗത്തിൽപോലും ആളുകൾ അതിരാവിലെ ഉണരും. ആരെല്ലാം എന്തെല്ലാം മതങ്ങൾ അനുസരിച്ചാണ് നടക്കുന്നത്, എന്തെല്ലാമാണ് ചെയ്യുന്നത്? അച്ഛൻ മനസ്സിലാക്കിത്തരുകയാണ് അതിരാവിലെ ഉണർന്ന് എത്ര സാധിക്കുമോ സ്വയം ആത്മാവാണെന്നു മനസ്സിലാക്കി അച്ഛനായ എന്നെ ഓർമ്മിക്കു. ഇതാണ് ബാബയുടെ ആജ്ഞ.

ഭക്തർ ഭഗവാനെ ഓർമ്മിക്കുകയും ചെയ്യുന്നു പിന്നീട് എല്ലാം ഭഗവാനാണ് എന്നും പറയുന്നു. ഇപ്പോൾ അവർ മനസ്സിലാക്കുന്നില്ല. ഒരു ദിവസം അവർ എല്ലാവരും നിങ്ങളുടെ മിത്രങ്ങളാകും. പറയും ഇത് ശരിയായ കാര്യമാണ്. ഈശ്വരൻ സർവ്വവ്യാപിയാണ് എന്ന് പറയുന്നത് സ്വയത്തിന്റേയും ഭാരതത്തിന്റേയും തോണിയെ മുക്കിക്കളയലാണ്. രണ്ടാമത്– ഭാരതത്തിന് തന്റെ സ്വരാജ്യമാകുന്ന വെണ്ണ തിരികെ നൽകുന്നത് ബാബയാണ്, എന്നാൽ അച്ഛനു പകരം ഏത് കുട്ടിയ്ക്കാണോ ആ വെണ്ണ ലഭിക്കുന്നത് അവരുടെ പേര് വെച്ചു, അതായത് കൃഷ്ണന്റെ. അതിനാൽ മനുഷ്യർ കരുതുന്നു ഭാരതത്തിന് വെണ്ണ നൽകുന്നത് കൃഷ്ണനാണ്. അച്ഛന്റെ പേരിനു പകരം മകന്റെ പേര് വെച്ച് അനർത്ഥം ചെയ്തു. ഇപ്പോൾ മുഴുവൻ വിശ്വത്തിന്റേയും ഭഗവാനാകാൻ കൃഷ്ണന് സാധിക്കില്ല. മനുഷ്യൻ രാവണന്റെ മതപ്രകാരം നടന്ന് സ്വയം ശപിക്കപ്പെട്ടവരായിമാറി. നിങ്ങൾ എല്ലാവരും തോണികളും അച്ഛൻ തോണിക്കാരനുമാണ്. എന്റെ തോണിയെ അക്കരെയെത്തിക്കൂ – എന്ന് പാടാറില്ലേ. നിങ്ങൾ തോണിയിൽ അക്കരെയ്ക്ക് പോയ്ക്കൊണ്ടിരിക്കുകയാണ്. വിഷയസാഗരത്തിൽ നിന്നും അമൃതസാഗരം അഥവാ ക്ഷീരസാഗരത്തിലേയ്ക്ക് പോയ്ക്കൊണ്ടിരിക്കുകയാണ്. ലണ്ടനിൽ നിന്ന് ഉപ്പുകടലിടുക്കിലൂടെ കപ്പൽ അക്കരെ കടക്കുമ്പോൾ അവർക്ക് സമ്മാനം ലഭിക്കുന്നു. ഇവിടെയാണെങ്കിൽ നരകത്തിൽ നിന്നും സ്വർഗ്ഗത്തിലേയ്ക്കാണ് പോകേണ്ടത്. വിഷയസാഗരം ഉപ്പുരസമാണ്. നിങ്ങൾ വളരെ വലിയ ബോട്ടിൽ ഇരിക്കുകയാണ്. നിങ്ങൾ യാത്ര തുടങ്ങിക്കഴിഞ്ഞു, നങ്കൂരം എടുത്തുകഴിഞ്ഞു. നിങ്ങൾക്കറിയാം അക്കരെയ്ക്കാണ് പോകേണ്ടത്. ബോട്ടിൽ പോയിപ്പോയി തുറമുഖത്തെത്തും. അവിടെ ചിവർ ഇറങ്ങും ചിലർ കയറും. അഥവാ ആരെങ്കിലും കഴിക്കുന്നതിന്റേയും കുടിക്കുന്നതിന്റേയും പിന്നാലെ പോയാൽ അവിടെത്തന്നെ നിന്നുപോകും. ഇതിനെക്കുറിച്ച് ഒരു കഥയും ഉണ്ടാക്കിയിട്ടുണ്ട്. കൃഷ്ണനെ ബടുക മഹാരാജാവ് എന്ന് എഴുതിയിരിക്കുന്നു. കൃഷ്ണൻ കപ്പലിന്റെ ക്യാപ്റ്റനാണ്. കപ്പലിൽ പോയിക്കൊണ്ടിരിക്കെ ആരെങ്കിലും ഇറങ്ങുകയാണെങ്കിൽ മായയാകുന്ന മുതല അവിടെ ഇരിപ്പുണ്ട്. മഹാരഥികളെപ്പോലും വിഴുങ്ങുന്നു. പഠിപ്പ് ഉപേക്ഷിക്കുന്നു അർത്ഥം നിശ്ചയബുദ്ധിയായിരുന്നില്ല. പിന്നീട് സാഗരത്തിനു നടുവിൽ വീണുപോകുന്നു.

നിങ്ങൾ കണ്ടിട്ടുണ്ട്– അഥവാ പക്ഷി മരിക്കുകയാണെങ്കിൽ ഉറുമ്പിൻകൂട്ടം വന്ന് അതിനെപ്പൊക്കിക്കൊണ്ടുപോകും. അതുപോലെ ഈ 5 വികാരങ്ങളായ ഭുതങ്ങളും പച്ചയ്ക്ക് വിഴുങ്ങി തിന്നുകളയും. ഇതിനെക്കുറിച്ച് വലിയ കഥതന്നെ എഴുതിയിട്ടുണ്ട്. ആരെങ്കിലും ബോട്ടിൽ ഇരിക്കുകയാണെന്നു കരുതൂ– ഗ്യാരണ്ടിയും നൽകുന്നു, അവർ ഫോട്ടോയും അയയ്ക്കുന്നു. അഥവാ പിന്നെ സംഗദോഷത്തിൽപ്പെട്ട് പഠിപ്പ് ഉപേക്ഷിക്കുകയാണെങ്കിൽ അവരുടെ ചിത്രം അവർക്ക് തിരിച്ച് അയച്ചുകൊടുക്കും. ഈ സമയത്ത് മായ തമോപ്രധാനമാണ്. ഈശ്വരന്റെ കൈ ഉപേക്ഷിച്ചാൽ അസുരൻ കൈയ്യിൽ പിടിക്കും. ഇങ്ങനെ വളരെയധികംപേര് പോകെപ്പോകെ കൈവിട്ട് അങ്ങോട്ട് പോകുന്നു. ഇവരെ ക്രോധത്തിന്റെ ഭൂതം പിടികൂടി, മോഹത്തിന്റെ ഭൂതം പിടികൂടി എന്ന് വാർത്തകൾ വരുന്നു. ആദ്യം നഷ്ടോമോഹയായി മാറണം. മോഹം ഒന്നിനോടുമാത്രം വെയ്ക്കണം. ഇതിലാണ് പരിശ്രമം. മോഹത്തിന്റെ ചങ്ങലയിൽ വളരെ പെടുന്നു. ഇപ്പോൾ ഒന്നുമായി ബുദ്ധിയോഗം വെയ്ക്കണം. മനുഷ്യർ ഭക്തിചെയ്യുമ്പോൾ ബുദ്ധി ജോലിക്കാര്യത്തിലേയ്ക്കും വീട്ടിലെ കാര്യങ്ങളിലേയ്ക്കും പോകുന്നു. ഇവിടെയും നിങ്ങൾക്ക് അങ്ങനെ സംഭവിക്കും. പോകപ്പോകെ നിങ്ങൾക്ക് കുട്ടിയെ ഓർമ്മവരും. പതിയെ ഓർമ്മവരും. ബാബ പറയുന്നു ഈ ചങ്ങലകളിൽ നിന്നും ബുദ്ധിയോഗത്തെ വേർപെടുത്തി ഒരച്ഛനെ ഓർമ്മിക്കു. അഥവാ അന്തിമസമയത്ത് മറ്റാരെയെങ്കിലും ഓർമ്മ വന്നാൽ അന്തിമകാലത്ത് ആരാണോ പതിയെ ഓർമ്മിക്കുന്നത്.... അവസാന സമയത്ത് ശിവബാബയെ അല്ലാതെ മറ്റാരെയും ഓർമ്മ വരരുത്, ഇങ്ങനെയുള്ള അഭ്യാസം ഉണ്ടായിരിക്കണം. അതിരാവിലെ ഉണർന്ന് ബാബയെ ഓർമ്മിക്കു. ബാബാ ഞങ്ങൾ അങ്ങയുടെ അടുത്തേയ്ക്ക് വന്നിരിക്കുകയാണ്– ഞങ്ങൾ തീർച്ചയായും സ്വർഗ്ഗത്തിന്റെ അധികാരിയായി മാറും. അച്ഛനേയും സമ്പത്തിനേയും അർത്ഥം അല്ലാഹുവിനേയും സമ്പത്തിനേയും ഓർമ്മിക്കണം. അൽഫ് എന്നത് അല്ലാഹുവാണ് സമ്പത്ത് ചക്രവർത്തീപദവും. ആത്മാവ് ബിന്ദുവാണ്. ഇവിടെ മനുഷ്യർ പൊട്ട് വെയ്ക്കുമ്പോൾ ചിലർ ബിന്ദുവിടുന്നു, ചിലർ നീളമുള്ള തിലകം ചാർത്തുന്നു, ചിലർ കിരീടം പോലെ ഇടുന്നു, ചിലർ ചെറിയ നക്ഷത്രമിടുന്നു, ചിലർ വജ്രം വെയ്ക്കുന്നു. അച്ഛൻ പറയുന്നു നിങ്ങൾ ആത്മാക്കളാണ്. നിങ്ങൾക്ക് അറിയാം ആത്മാവ് നക്ഷത്ര സമാ

നമാണ്. ആ ആത്മാവിൽ ഡ്രാമയുടെ മുഴുവൻ റെക്കോർഡും നിറഞ്ഞിരിക്കുന്നു. ഇപ്പോൾ ബാബ ആജ്ഞ നൽകുകയാണ് നിരന്തരം അച്ഛനായ എന്നെ ഓർമ്മിക്കൂ ബാക്കി എല്ലാത്തിൽ നിന്നും ബുദ്ധിയോഗം ഉപേക്ഷിക്കൂ. ഈ ലക്ഷ്യം മറ്റാർക്കും നൽകാൻ കഴിയില്ല. ബാബ പറയുന്നു നിങ്ങളുടെ തലയിൽ ജന്മ– ജന്മാന്തരങ്ങളുടെ പാപമുണ്ട്. അത് ഓർമ്മിയ്ക്കാതെ ഭസ്മമാകില്ല. എവർ ഹെൽത്തിയാകുന്നതിന് ബാബയെ ഓർമ്മിക്കണം. അച്ഛനിൽ നിന്നു തന്നെയാണ് സമ്പത്ത് ലഭിക്കുന്നത്. എവർ ഹെൽത്തി, എവർ വെൽത്തി ഇതാണ് സമ്പത്ത്. ഹെൽത്തും വെൽത്തുമുണ്ടെങ്കിൽ പിന്നെന്തുവേണം! ഹെൽത്തുണ്ട് എന്നാൽ വെൽത്തില്ല എങ്കിൽപോലും സന്തോഷം ഉണ്ടാകില്ല. വെൽത്തുണ്ട് എന്നാൽ ഹെൽത്തില്ലായെങ്കിലും സന്തോഷമുണ്ടാകില്ല. ആത്മാവിന് ആദ്യം അച്ഛനെ ഓർമ്മിക്കണം അപ്പോൾ വികർമ്മങ്ങൾ വിനാശമായി 21 ജന്മങ്ങളിലേയ്ക്ക് ആരോഗ്യം ലഭിക്കും പിന്നെ സ്വദർശന ചക്രധാരിയായി മാറിയാൽ 21 ജന്മത്തിലേയ്ക്ക് സമ്പത്തും ലഭിക്കും. എത്ര സഹജമായ കാര്യമാണ്. നമ്മൾ 84 ജന്മങ്ങൾ ഇങ്ങനെ ചക്രം കറങ്ങിയിരുന്നു. ഇപ്പോൾ എല്ലാം ചാരമാകാൻ പോവുകയാണ്, അതിൽ എന്തിന് മനസ്സ് വെയ്ക്കണം? ആരാണോ പുതിയ ലോകത്തിന്റെ ചക്രവർത്തീപദം നൽകുക അവരിലാണ് മനസ്സ് വെയ്ക്കേണ്ടത്. ആത്മാക്കളോടാണ് സംസാരിക്കുന്നത്– കുട്ടികളേ, ഇപ്പോൾ ഈ ശരീരത്തെ മറന്ന് സ്വയം അശരീരിയാണെന്നു മനസ്സിലാക്കി എന്നെ ഓർമ്മിക്കൂ. ഈ ശരീരം നിങ്ങൾക്ക് പാർട്ട് അഭിനയിക്കാനായി ലഭിച്ചതാണ്. അതിരാവിലെ എഴുന്നേറ്റ് ഇത് സ്മരിക്കണം. അക്കരെയെത്തിക്കുന്ന പ്രിയതമനെ ഓർമ്മിക്കണം, ബാക്കി എല്ലാവരും വിഷയ സാഗരത്തിൽ മുക്കാൻ പോകുന്നവരാണ്. ബാബയാണ് അക്കരെകടത്തുന്നത് അതിനാൽ ബാബയെ തോണിക്കാരൻ, തോട്ടക്കാരൻ എന്നെല്ലാം പറയുന്നു. നിങ്ങളെ മുള്ളിൽ നിന്നും പുഷ്പമാക്കി മാറ്റി സ്വർഗ്ഗത്തിലേയ്ക്ക് അയയ്ക്കുന്നു. പിന്നീട് സ്വർഗ്ഗത്തിൽ ഒരിയ്ക്കലും നിങ്ങൾ ദു:ഖം കാണില്ല അതിനാലാണ് ബാബയെ ദു:ഖ ഹർത്താ, സുഖ കർത്താ എന്ന് വിളിക്കുന്നത്. ഹര ഹര മഹാദേവാ എന്ന് വിളിക്കാറില്ലേ. ശിവനെത്തന്നെയാണ് വിളിക്കുന്നത്. ഇത് ബ്രഹ്മാ, വിഷ്ണു, ശങ്കരന്മാരുടേയും പിതാവാണ്. ആ ബാബ 21 ജന്മങ്ങളിലേയ്ക്ക് സുഖത്തിന്റെ സമ്പത്ത് നൽകുകയാണെങ്കിൽ തീർച്ചയായും ആ ബാബയെ ഓർമ്മിക്കേണ്ടേ, ഇതിന് ധൈര്യം വേണം. ഓർമ്മിച്ച് ഓർമ്മിച്ച് ക്ഷീണിച്ചുപോയാൽ നടക്കുന്നത് തന്നെ അവസാനിപ്പിക്കുന്നു. അങ്ങനെയുള്ള സംഗമാണ് ലഭിക്കുന്നത് അതിനാൽ ഉപേക്ഷിച്ച് പോകുന്നു അതിനാലാണ് പാടുന്നത് നല്ലസംഗം ഉയർത്തും, കുസംഗം മുക്കിക്കളയും. പുറത്തേയ്ക്ക് പോകുമ്പോൾ കുസംഗത്തെ ലഭിക്കും ഇതിലൂടെ ലഹരി പറന്നുപോകുന്നു. ചിലർ പറയും ബ്രഹ്മാകുമാരികളുടെ കൈയ്യിൽ ഇന്ദ്രജാലമുണ്ട് അത് നിങ്ങൾക്ക് ഏൽക്കും, അവരുടെ അടുത്തേയ്ക്ക് പോകരുത്. പരീക്ഷകൾ വരും. 10 വർഷം വരെ നിന്നിട്ട് പിന്നീട് സംഗദോഷത്തിൽപ്പെടുന്നവരുമുണ്ട്. കാല് നിലത്ത് വെച്ചതും മായ പച്ചയ്ക്ക് പിടിച്ച് തിന്നു. അച്ഛനിൽ നിന്നും തീർച്ചയായും സ്വർഗ്ഗത്തിന്റെ സമ്പത്ത് ലഭിക്കും എന്ന് നിശ്ചയം ചെയ്യുന്നു. എന്നിട്ടും മായയുടെ വലിയ കൊടുങ്കാറ്റ് വരുന്നു, ഇത് യുദ്ധമൈതാനമാണ്. അരകല്പം മായയുടെ രാജ്യമായിരുന്നു നടന്നത്. ഇപ്പോൾ മായയുടെമേൽ വിജയം നേടണം. മായയെ കത്തിക്കുന്നു എന്നിട്ട് ഒരു ദിവസം അതിന്റെ സന്തോഷം ആഘോഷിക്കുന്നു. ഇതെല്ലാം കൃത്രിമമായ സുഖങ്ങളാണ്. സുഖധാമത്തിലാണ് സത്യമായ സുഖം ലഭിക്കുന്നത്. ബാക്കി നരകത്തിലെ സുഖം കാകവിഷ്ട സമാനമാണ്. സ്വർഗ്ഗത്തിൽ സുഖം തന്നെ സുഖമാണ്. നിങ്ങൾ സുഖധാമത്തിലേയ്ക്കായി പുരുഷാർത്ഥം ചെയ്യുകയാണ്. ബോക്സിങ്ങിൽ ചിലപ്പോൾ വിജയം മായയ്ക്കായിരിക്കും ചിലപ്പോൾ വിജയം കുട്ടികൾക്കായിരിക്കും. യുദ്ധം രാത്രിയും പകലും നടന്നുകൊണ്ടിരിക്കുന്നു. ഉസ്താദിന്റെ കൈയ്യിൽ മുറുകെപിടിക്കണം. ഉസ്താദ് സർവ്വശക്തിവാനും സമർത്ഥനുമാണ്. കൈവിട്ടാൽ പിന്നെ സർവ്വശക്തിവാൻ എന്ത് ചെയ്യും? കൈവിട്ടാൽ എല്ലാം അവസാനിച്ചു. ബോട്ടിന്റെ കാര്യം ശാസ്ത്രങ്ങളിലുമുണ്ട്. ഇപ്പോൾ ബോട്ട് നീങ്ങുകയാണ്. ബാക്കി കുറച്ച് ദിവസങ്ങളേയുള്ളു. വൈകുണ്ഠം മുന്നിൽ കാണാൻ കഴിയും. അവസാന സമയത്ത് മിനിറ്റിന് മിനിറ്റ് വൈകുണ്ഠത്തിന്റെ ദൃശ്യം കണ്ടുകൊണ്ടിരിക്കും. എങ്ങനെയാണോ ആരംഭത്തിൽ ഉണ്ടായിരുന്നത് അതുപോലെ. അവസാന സമയത്തും നിങ്ങൾക്ക് വളരെ അധികം സാക്ഷാത്ക്കാരങ്ങൾ ഉണ്ടാകും. ആരാണോ ഇവിടെയുണ്ടാവുക അവർ ധൈര്യത്തോടെ കൈപിടിക്കും, അവർ തന്നെയാണ് അന്തിമസമയത്ത് എല്ലാം കാണുക. കുട്ടികൾ പറയും– ബാബാ, ഇവർ ദാസിയായി മാറും, ഇവർ ഇന്നതായി മാറും. പിന്നീട് ഞങ്ങൾ ദാസിയായി മാറും എന്ന് ചിന്തിച്ച് ദു:ഖിക്കും. പരിശ്രമിക്കുന്നില്ലെങ്കിൽ പിന്നെ സ്ഥിതി വേറെന്താകാനാണ്? പിന്നീട് വളരെ പശ്ചാത്തപിക്കേണ്ടി വരും. തുടക്കത്തിൽ നിങ്ങൾ വളരെ അധികം കളികൾ കണ്ടു. ഗീതമുണ്ടല്ലോ എന്താണോ നമ്മൾ കണ്ടത്......... അങ്ങനെയുള്ള സമയം അടുത്തുവരുകയാണ്, എല്ലാവരും ഇത് പറഞ്ഞുകൊണ്ടിരിക്കും, പിന്നെ പഠിപ്പ് നടക്കില്ല. ബാബ പറയും നിങ്ങൾക്ക് എത്ര മനസ്സിലാക്കിത്തന്നതാണ്, നിങ്ങൾ ശ്രീമത്തിലൂടെ നടക്കാത്തതിനാലാണ് ഈ അവസ്ഥയുണ്ടായത്, ഇനി കല്പ കല്പം ഈ പദവി ലഭിച്ചുകൊണ്ടിരിക്കും അതിനാലാണ് ബാബ പറയുന്നത് തന്റെ പുരുഷാർത്ഥം ചെയ്തുകൊണ്ടേയിരിക്കു, മാതാപിതാവിനെ ഫോളോ ചെയ്തുകൊണ്ടിരിക്കൂ. അനുസരണക്കേട് കാണിക്കുന്ന പുത്രന്മാരുമുണ്ടാകുമല്ലോ. മായയ്ക്ക് വശപ്പെട്ട് ബുദ്ധിമുട്ടിക്കും പിന്നീട് വളരെ

അധികം ശിക്ഷ അനുഭവിക്കും, പദവിയും ഭ്രഷ്ടമാകും. കുട്ടികൾ രാജാക്കന്മാരുടേയും സാക്ഷാത്ക്കാരം കണ്ടിട്ടുണ്ട്. ലോകത്തുള്ളത് ആസുരീയ സംഗമാണ്, ഇത് ഈശ്വരീയ സംഗമാണ്. ബാബ എല്ലാകാര്യങ്ങളും മനസ്സിലാക്കിത്തന്നിട്ടുണ്ട് പിന്നീട് എനിക്ക് അറിയില്ലായിരുന്നു എന്ന് ആർക്കും പറയാൻ കഴിയില്ല. വിനാശത്തിന്റെ സമയത്ത് ആളുകൾ രക്ഷിക്കൂ രക്ഷിക്കൂ എന്ന് നിലവിളിക്കും. നിങ്ങൾ വളരെ അധികം സാക്ഷാത്ക്കാരങ്ങൾ കണ്ടുകൊണ്ടിരിക്കും. മൃഗത്തിന് മരണവേദന എന്നാൽ വേട്ടക്കാരന് സന്തോഷം.... ഇപ്രകാരത്തിൽ നിങ്ങൾ നൃത്തം ചെയ്തുകൊണ്ടിരിക്കും. നിങ്ങൾ വിനാശത്തിനുശേഷം നമ്മുടെ കൊട്ടാരം എങ്ങനെ നിർമ്മിക്കപ്പെടും എന്നത് കണ്ടുകൊണ്ടിരിക്കും. ആരാണോ വിജയിച്ചുകൊണ്ടിരിക്കുന്നത് അവർ എല്ലാം കാണും. ബാബയുടേതായി മാറി പിന്നീട് ഉപേക്ഷിച്ചുപോവുകയാണെങ്കിൽ എന്തെങ്കിലും കാണാൻ സാധിക്കുമോ. ശരി!

വളരെക്കാലത്തെ വേർപാടിന്നുശേഷം തിരിച്ചു കിട്ടിയ മധുരമധുരമായ കുട്ടികൾക്ക് മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹസ്മരണകളും സുപ്രഭാതവും. ആത്മീയ അച്ഛന്റെ ആത്മീയ കുട്ടികൾക്ക് നമസ്കാരം.

### ധാരണക്കുള്ള മുഖ്യ സാരം:-

1) സമർത്ഥനായ അച്ഛന്റെ കൈപിടിച്ച് നടക്കണം, ഒരു ബാബയിൽ മാത്രം മനസ്സ് വെയ്ക്കണം, അതിരാവിലെ ഉണർന്ന് ഓർമ്മയിൽ ഇരിക്കണം.

2) സംഗദോഷത്തിൽ നിന്നും സ്വയത്തെ സംരക്ഷിക്കണം. കുസംഗത്തിൽപ്പെട്ട് ഒരിയ്ക്കലും പഠിപ്പ് ഉപേക്ഷിക്കരുത്.

### വരദാനം:- സന്തോഷത്തിന്റെ ഗുളിക അല്ലെങ്കിൽ ഇഞ്ചക്ഷനിലൂടെ സ്വയത്തിനുള്ള മരുന്ന് സ്വയം നൽകുന്ന നോളജ്ഫുള്ളായി ഭവിക്കൂ

ബ്രാഹ്മണ കുട്ടികൾക്ക് തന്റെ അസുഖത്തിനുള്ള മരുന്ന് സ്വയം തന്നെ നൽകാൻ സാധിക്കും. സന്തോഷത്തിന്റെ ടോണിക്ക് സെക്കന്റിൽ പ്രഭാവമുണ്ടാക്കുന്ന മരുന്നാണ്. ഏതുപോലെയാണോ ഡോക്ടർമാർ ശക്തിശാലി ഇഞ്ചക്ഷൻ നൽകുകയാണെങ്കിൽ പരിവർത്തനമുണ്ടാകുന്നത്. ഇതുപോലെ ബ്രാഹ്മണൻ സ്വയം തന്നെ സ്വയത്തിന് സന്തോഷത്തിന്റെ ഗുളിക നൽകുകയോ അല്ലെങ്കിൽ സന്തോഷത്തിന്റെ ഇഞ്ചക്ഷൻ നൽകുകയാണെങ്കിൽ അസുഖത്തിന്റെ രൂപം പരിവർത്തനമാകുന്നു. ജ്ഞാനത്തിന്റെ പ്രകാശവും ശക്തിയും ശരീരത്തെ നടത്തുന്നതിലും വളരെ ശക്തി നൽകുന്നു. ഏതെങ്കിലും അസുഖം വരികയാണെങ്കിൽ ഇതും ബുദ്ധിക്ക് വിശ്രമം നൽകുന്നതിനുള്ള സാധനയാണ്.

### സ്ലോഗൻ:- ആരാണോ മനസ്സിന്റെ ഏകാഗ്രതയിലൂടെ സർവ്വ സിദ്ധികളും പ്രാപ്തമാക്കുന്നത് അവരാണ് സിദ്ധി സ്വരൂപരാകുന്നത്.